CHURCH OF GOD IN INDIA, KERALA STATE

## SUNDAY SCHOOL ANNUAL EXAMINATION, 2021

### ക്ലാസ്സ് 1

(Oral Examination - വാചാപരീക്ഷ) Marks 100

**I പേരു പറയുക** **(10×3=30)**

1. ദൈവം വസിക്കുന്ന വീടിന്റെ പേരെന്ത്?
2. ദൈവം എത്രാം ദിവസമാണ് മനുഷ്യനെ സൃഷ്ടിച്ചത്?
3. അബ്രഹാമിന് ദൈവം നൽകിയ മകന്റെ പേര് എന്ത്?
4. ലോത്തിന്റെ ഭാര്യക്ക് എന്ത് സംഭവിച്ചു?
5. യിസഹാക്ക് എന്ന പേരിന്റെ അർത്ഥം എന്ത്?
6. യേശു സൗഖ്യം ആക്കിയ കുരുടന്റെ പേര് എന്ത്?
7. മിസ്രയീമിലെ രാജാവിന്റെ പേര് എന്ത്?
8. ഏലിയാവിന് ആരാണ് അപ്പവും ഇറച്ചിയും കൊണ്ടുപോയി കൊടുത്തത്?
9. അനുസരിക്കാത്ത യോനാ എവിടേക്കാണ് പോയത്?
10. മറിയക്ക് പ്രത്യക്ഷപ്പെട്ട ദൂതന്റെ പേരെന്ത് ?

**II ഉത്തരം പറയുക** **(5×4=20)**

1. രാത്രിയിൽ യാക്കോബ് സ്വപ്നത്തിലൂടെ കണ്ടത് എന്ത്?
2. ഹന്നയുടെ ദുഃഖം എന്തായിരുന്നു?
3. എന്തുകൊണ്ടാണ് 3 ബാലന്മാരെ രാജാവ് തീയിൽ ഇട്ടത്?
4. പക്ഷവാതരോഗിയെ എങ്ങനെയാണ് യേശുവിന്റെ അടുക്കൽ കൊണ്ടു ചെന്നത്?
5. യേശുവിനെ കാണുവാൻ സക്കായി എന്തുചെയ്തു?

**III ആര് ആരോടു പറഞ്ഞു** **(3×3=9)**

1. ഞാൻ പറഞ്ഞിട്ട് അല്ലാതെ ഈ ആണ്ടു കളിൽ മഴയും മഞ്ഞും ഉണ്ടാകില്ല
2. നിങ്ങൾ മരിക്കുകയില്ല, ഇതു തിന്നാൽ നിങ്ങൾ ദൈവത്തെ പോലെ ആകും
3. മകനെ നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു, എഴുന്നേറ്റ് കിടക്ക എടുത്തു നടക്കുക

**IV വിട്ടുപോയ വാക്യഭാഗം പറയുക** **(4×4 =16)**

1. അവൻ നിന്റെ സകല രോഗങ്ങളെയും..............
2. നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുവിൻ നിങ്ങളെ..............
3. ദാവീദ് പുത്രന് ഹോശന്ന....
4. ഞാൻ തന്നെ പുനരുദ്ധാനവും...........

**V നിങ്ങൾ പഠിച്ച മനഃപാഠവാക്യങ്ങളിൽ നിന്നും അഞ്ചു വാക്യങ്ങൾ പറയുക** **(5×5 =25)**

CHURCH OF GOD IN INDIA, KERALA STATE

SUNDAY SCHOOL ANNUAL EXAMINATION, 2021

### ക്ലാസ്സ് 2

(Oral Examination - വാചാപരീക്ഷ) Marks 100

**I പേരു പറയുക** **(10×3=30)**

1. ആദാമിനെയും ഹവ്വായെയും ദൈവം താമസിപ്പിച്ച തോട്ടം ഏത്?
2. ആദാമിന്റെയും ഹവ്വായുടെയും ആദ്യജാതന്റെ പേര്?
3. അബ്രഹാമിന്റെ സ്വന്തദേശം ഏതായിരുന്നു?
4. യിസഹാക്ക് കുഴിച്ച കിണറിന്റെ പേരെന്ത്?
5. ശമൂവേൽ ബാലന്റെ അമ്മയുടെ പേരെന്ത്?
6. യിസ്രായേലിലെ ഒന്നാമത്തെ രാജാവിന്റെ പേരെന്ത്?
7. പിറവിക്കുരുടന്റെ കണ്ണിൽ പൂശിയ ചേറ് ഏതു കുളത്തിലാണ് കഴുകിയത്?
8. മൊർദ്ദെഖായിക്ക് കഴുകുമരം പണിതതാര്?
9. രുത്തിനെ രണ്ടാമതു വിവാഹം കഴിച്ച ധനികൻ ആര്?
10. യേശു ജനിച്ചത് എവിടെയാണ്?

**II ഉത്തരം പറയുക** **(5×4=20)**

1. സ്വപ്നത്തിൽ ദൈവം യാക്കോബിനോട് എന്ത് പറഞ്ഞു?
2. നല്ലശമര്യാക്കാരൻ മുറിവേറ്റുകിടന്ന മനുഷ്യനുവേണ്ടി എന്തെല്ലാം ചെയ്തു?
3. യേശു ചെയ്ത ആദ്യത്തെ അടയാളം എന്ത്?
4. സെഖര്യാവ് ഊമനാകുവാൻ കാരണമെന്ത്?
5. ബാലന്റെ കയ്യിൽ എത്ര അപ്പവുംമീനും ഉണ്ടായിരുന്നു?

**III ആര് ആരോടു പറഞ്ഞു?** **(3×4=12)**

1. 'നിന്റെ ഭാര്യ എലീശബെത്ത് നിനക്ക് ഒരുമകനെ പ്രസവിക്കും; അവനു യോഹന്നാൻ എന്നു പേരിടണം'
2. 'എന്നെ തിരഞ്ഞതെന്തിന്? എന്റെപിതാവിനുള്ളതിൽ ഞാൻ ഇരിക്കേണ്ടത് എന്നു നിങ്ങൾ അറിയുന്നില്ലയോ?'
3. 'അറിവിന്റെ വൃക്ഷഫലം തിന്നാൽ നിങ്ങൾ ദൈവത്തെപ്പോലെആകും.'

**IV അർത്ഥം പറയുക** **(2×3 =6)**

1 ശമുവേൽ 2. ശീലോഹാം 3. യിസഹാക്ക്

**V വിട്ടുപോയ വാക്യഭാഗം പറയുക** **(4×3 =12)**

1. യഹോവഭക്തി........................................
2. മനുഷ്യനിൽ ആശ്രയിക്കുന്നതിനേക്കാൾ ......................................
3. നീ വെള്ളത്തിൽ കൂടി......................................................
4. എൻമനമേ യഹോവയെ വാഴ്ത്തുക ..............................................

**VI നിങ്ങൾ പഠിച്ച മനഃപാഠവാക്യങ്ങളിൽ നിന്നും അഞ്ചു വാക്യങ്ങൾ പറയുക** **(4×5 =20)**

**CHURCH OF GOD IN INDIA, KERALA STATE**

## SUNDAY SCHOOL ANNUAL EXAMINATION, 2021

**ക്ലാസ്സ് 3**

Time 2 hrs.
Marks 100

**I ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക** (1-10) **(10×1=10)**

1. റിബേക്കയുടെ വല്യപ്പന്റെ പേരെന്ത്?
   *(അബ്രഹാം, ലാബാൻ, നാഹോർ)*
2. യേശുവിനെ ക്രൂശിച്ച സ്ഥലം ഏത്?
   *(ഗത്ശമന, ഗോൽഗോഥ, യെരുശലേം)*
3. യേശുവിന്റെ അമ്മ മറിയ പാർത്തിരുന്ന സ്ഥലം ഏത്?
   *(നസറെത്ത്, ബേഥാന്യ, നയിൻ)*
4. ഏതു സമഭൂമിയിൽ ആണ് ബാബേൽ ഗോപുരം പണിതത്?
   (ദൂരാസമഭൂമി, ശിനാർദേശം, മോവാബ്സമഭൂമി)
5. അറബികളുടെ ആത്മീയ പിതാവ് ആര്?
   (യിസഹാക്ക്, യിശ്മായേൽ, യാക്കോബ്)
6. യിസ്രായേലിലെ ഒടുവിലത്തെ ന്യായാധിപൻ ആര്?
   (ഒത്നിയേൽ, ശിംശോൻ, ശമുവേൽ)
7. മോശയുടെ ആയുഷ്കാലം എത്രയായിരുന്നു? (120, 112, 124)
8. യേശു സ്നാനം ഏറ്റ നദിയുടെ പേര് എന്ത്?
   (യോർദാൻ, യാബോക്ക്, അഹവാ )
9 ജനം എവിടെ വച്ചാണ് ശൗലിനെ രാജാവായി തിരഞ്ഞെടുത്തത്?
   (മിസ്പ, സൂഫ്, ഗിലെയാദ് )
10. മോശ എവിടെനിന്നാണ് കനാൻനാട് കണ്ടത്?
   (നെബോപർവ്വതം, സീനായിമല, താബോർമല)

**II പേരെഴുതുക** (11-15) **(5×1=5)**

11. ഹാഗാറിന്റെ സ്വന്തസ്ഥലം ഏത്?
12. യാക്കോബിന്റെ മാതാവ് ആര്?
13. മോശയോട്ദൈവംസംസാരിച്ചത്ഏത് പർവ്വതത്തിൽവെച്ച് ആയിരുന്നു?
14. ഏലിയാവ് ഏത് ദേശക്കാരനായിരുന്നു?
15. മറുരൂപമലയിൽ പ്രത്യക്ഷപ്പെട്ടവർ ആരെല്ലാം?

**III പൂരിപ്പിക്കുക** (16-20) **(5×1=5)**

16. ഗലീലക്കടലിന് ......................കടൽ എന്നും ഗന്നസരേത്തുതടാകം എന്നും പേരുണ്ടായിരുന്നു.
17. യിസ്രായേൽമക്കൾക്ക് കനാൻദേശം വിഭാഗിച്ചുകൊടുത്തത് .................. ആയിരുന്നു.
18 .............വെച്ച് മൂന്നു പുരുഷന്മാർ അബ്രഹാമിന്റെ കൂടാരത്തിൽ വന്നു.
19. ഏദെൻതോട്ടത്തിന്റെനടുവിൽ ......................വൃക്ഷവും നന്മതിന്മകളെ ക്കുറിച്ചുള്ള അറിവിന്റെ വൃക്ഷവും ഉണ്ടായിരുന്നു.
20. അടിക്കപ്പെട്ടപാറ ............................നെ കാണിക്കുന്നു.

**IV അർത്ഥം എഴുതുക** (21-25) **(5×2=10)**

21. നയിൻ 22.ഏലിയാവ് 23. മോശെ
24. മന്ന 25. മെരിബ

**V ചേരുംപടി ചേർക്കുക** (26-30) **(5×2=10)**

| | | |
|---|---|---|
| 26. | ഗോൽഗോഥ | അസര്യാവ്. |
| 27. | മസ്സാ | സീൻ മരുഭൂമി |
| 28. | മന്ന | പരിശുദ്ധാത്മാവ് |
| 29. | എണ്ണ | യേശു |
| 30. | അബേദ്നെഗോ | പരീക്ഷ |

**VI തെറ്റോ ശരിയോ എന്നെഴുതുക** (31-34) **(4×1=4)**

31. മോശെ കനാൻനാട്ടിൽ പ്രവേശിച്ചില്ല.
32. യേശുവിന്റെ വാക്കനുസരിച്ച് വീശിയപ്പോൾ ശിഷ്യന്മാർക്ക് 143 വലിയ മീൻ കിട്ടി.
33. നയമാന്റെ കുഷ്ഠരോഗം യോർദാനിൽ 3 പ്രാവശ്യം മുങ്ങിയപ്പോഴാണ് മാറിയത്.
34. ഗോല്യാത്ത് 40 ദിവസം യിസ്രായേൽ മക്കളെ വെല്ലുവിളിച്ചു.

**VII ആര് ആരോടു പറഞ്ഞു?** (35-38) **(4×2=8)**

35. നീ വടികളുമായി എന്റെനേരെ വരുവാൻ ഞാൻ നായോ?
36. എനിക്കും മരണത്തിനും മധ്യേ ഒരടിഅകലം മാത്രമേ ഉള്ളൂ.
37. യഹോവയാൽ കഴിയാത്ത വല്ല കാര്യവുമുണ്ടോ?
38. ഞാൻ നിന്നോട് ദൈവത്തിന്റെ അരുളപ്പാട് അറിയിക്കേണ്ടതിന്ന് അല്പം നിൽക്ക.

**VIII ഒന്നോ, രണ്ടോ വാക്യങ്ങളിൽ ഉത്തരമെഴുതുക**(39-42) **(4×3=12)**

39. മന്നായുടെ പ്രത്യേകതകൾ എന്തെല്ലാം?
40. യാക്കോബ് ഓടിപ്പോകുവാൻ കാരണമെന്ത്?
41. യേശു ജനിച്ചപ്പോൾ ഇടയൻമാരോട് ദൂതന്മാർ പറഞ്ഞതെന്ത്?
42. മരിക്കുന്നതിനു മുൻപേ യേശു ക്രൂശിൽ കിടന്നുപറഞ്ഞത് എന്ത്? അതിന്റെ അർത്ഥം എന്ത്?

**IX ഒരു പേജിൽ കവിയാതെ എഴുതുക** (ഏതെങ്കിലും ഒന്ന്) **(1×10=10)**

43. a) ദൈവം മിസ്രയീമിൽ അയച്ച പത്ത് ബാധകൾ ഏതൊക്കെ?
   ഫറവോൻജനത്തെവിട്ടയയ്ക്കാൻഉള്ളസംഗതിഎന്ത്?

or

b) 10 കന്യകമാരുടെഉപമവിവരിച്ച്എഴുതുക.

**X വാക്യം പൂരിപ്പിക്കുക** (44-45) **(2×3=6)**

44. സഹോദരപ്രീതിനിലനിൽക്കട്ടെ, .............. മറക്കരുത്.
45. അവനുഅത്ഭുതമന്ത്രി, ..........., ..............., ......... എന്നപേർ വിളിക്കപ്പെടും.

**XI മനഃപാഠ വാക്യം എഴുതുക** (46-49) **(4×5=20)**

46. സദൃശ 12.19 47.1 പത്രൊസ് 5.7
48. സങ്കീർത്തനം.18.29 49. മത്തായി 25.13

**CHURCH OF GOD IN INDIA, KERALA STATE**

## SUNDAY SCHOOL ANNUAL EXAMINATION, 2021

### ക്ലാസ്സ് 4

Time 2 hrs.
Marks 100

**I ശരിയായ ഉത്തരം എടുത്ത് എഴുതുക** (1-10) **(10×1=10)**

1. അഹരോൻ എവിടെവെച്ചു മരിച്ചു ?
(സീനായിപർവ്വതത്തിൽ , ഹോർപർവ്വതത്തിൽ , മോറിയമല )
2. യാക്കോബും മക്കളും മിസ്രയീമിൽ വന്നു പാർത്ത ദേശം ഏത് ?
(ഗോശെൻ, യെരീഹോ , ഗില്ഗാൽ )
3. ദൈവത്തിന്റെ പ്രവാചകൻ
(ആഹാബ് , ഏലിയാവ് , ഗേഹസി)
4. പെസഹായുടെ അവസാനം യേശു എന്താണ് കഴുകിയത് ?
(കൈ ,കാൽ ,പാത്രം )
5. ബെഥെസ്ഥ കുളത്തിന് എത്ര മണ്ഡപങ്ങൾ ഉണ്ടായിരുന്നു ?
(2 ,3 ,5 )
6. ഇയ്യോബ് പാർത്ത പട്ടണം ഏത്? (ഊസ് , ലൂസ് , മിസ്പാ )
7. യേശു എത്ര പ്രാവശ്യം യെരുശലേം ദേവാലയം ശുദ്ധികരിച്ചു?
(2,4,6)
8. യേശു ഗദരദേശത് ആരെയാണ് സൗഖ്യമാക്കിയത്?
(മുടന്തൻ , കുരുടൻ ,ഭൂതഗ്രസ്തൻ )
9. യേശുവിനെ യോർദാൻ നദിയിൽ സ്നാനപ്പെടുത്തിയത് ആരാണ് ?
(പത്രോസ് ,സ്നാപകയോഹന്നാൻ , യാക്കോബ് )
10. എത്ര ദിവസം കൊണ്ടാണ് കനാൻ ദേശം ഒറ്റുനോക്കിയത് ?
(10,20,40)

**II പേരെഴുതുക** (11-15) **(5×1=5)**

11. ശമുവേലിന്റെ പിതാവിന്റെ പേരെന്ത്?
12. ഫറവോൻ യോസഫിന് നൽകിയ പുതിയ പേരെന്ത് ?
13. യിസഹാക്കിന് ആ പേരിട്ടത് ആര് ?
14. യിസ്രായേലിന്റ തലസ്ഥാനം ഏത് ?
15. യെരുശലേം പട്ടണത്തിന്റെ ആട്ടു വാതിലിനടുത്ത കുളത്തിന്റെ പേരെന്ത്?

**III പൂരിപ്പിക്കുക** (16-20) **(5×1=5)**

16. എന്റെ ആലയം ........................ എന്നു വിളിക്കപ്പെടും.
17. വിതയ്ക്കുന്നവന്റെ ഉപമയിൽ വിത്ത് എന്നത് രാജ്യത്തിന്റെ ...................
അഥവാ സുവിശേഷമാണ് .
18. പാപിനിയായ സ്ത്രീ കണ്ണുനീർകൊണ്ട് യേശുവിന്റെ കാൽ നനച്ചു
................. കൊണ്ട് പാദങ്ങൾ തുടച്ചു.
19. ബൈബിളിന്റെ ആദ്യ എഴുത്തുകാരൻ .......................
20. തേരഹ് ................ൽ വച്ചു മരിച്ചു .

**IV അർത്ഥം എഴുതുക** (21-23) **(3×1=3)**

21. പെസഹാ 22. യോശുവ 23. നിക്കോദിമോസ്

**V ചേരുംപടി ചേർക്കുക** (24-28) **(5×1=5)**

| | | |
|---|---|---|
| 24. | ഹാനോക്ക് | 10 കല്പനകൾ ലഭിച്ചവൻ |
| 25. | യാക്കോബ് | മരണം കാണാതെ എടുക്കപ്പെട്ടവൻ |
| 26. | മോശ | ആയുസ്സ് നീട്ടിക്കിട്ടിയ രാജാവ് |
| 27. | ബിലെയാം | ജ്യേഷ്ഠാവകാശം തട്ടിപ്പറിച്ചവൻ |
| 28. | ഹിസ്ക്കിയാവു | കൂലിക്കൊതിയനായ പ്രവാചകൻ |

**VI തെറ്റോ ശരിയോ എന്നെഴുതുക** (29-32) **(4×1=4)**

29. കോരഹിന്റെയും കൂട്ടരുടെയും മത്സരത്തിന് പ്രധാന കാരണം അവിശ്വാസം ആയിരുന്നു.
30. രാഹബിനോട് ചുവപ്പ് ചരട് വീടിന്റെ കിളിവാതിക്കൽ കെട്ടണം എന്ന് ഒറ്റുകാർ ആവശ്യപ്പെട്ടു.
31. മരുഭൂമിയിൽ ചെന്ന യേശു 50 ദിവസം ഉപവസിച്ചു.
32. പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴിയുകയില്ല

**VII ആര് ആരോട് പറഞ്ഞു?** (33-36) **(4×2=8)**

33. 'യഹോവ തിരഞ്ഞെടുക്കുന്നവൻ തന്നേ വിശുദ്ധൻ'
34. 'ഞാൻ സേവിച്ചുനില്ക്കുന്ന യിസ്രായേലിന്റെ ദൈവമായ യഹോവയാണ, ഞാൻ പറഞ്ഞല്ലാതെ ഈയാണ്ടുകളിൽ മഞ്ഞും മഴയും ഉണ്ടാകയില്ല'
35. 'ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവന്നോ ഒരുനാളും ദാഹിക്കയില്ല'
36. 'നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു; സമാധാനത്തോടെ പോക'

**VIII കാരണം എഴുതുക** (37-39) **(3×3=9)**

37. ദൈവം ഹാബേലിലും അവന്റെ യാഗത്തിലും പ്രസാദിച്ചത് എന്തുകൊണ്ട്?
38. യിസ്രായേൽ ജനം 40 വർഷം മരുഭൂമിയിൽ ചുറ്റി നടക്കേണ്ടി വന്നതിന്റെ കാരണമെന്ത് ?
39. നിക്കോദിമോസ് യേശുവിനെ രാത്രിയിൽ കാണാൻ വന്നത് എന്തുകൊണ്ടാണ്?

**IX രണ്ടോ മൂന്നോ വാക്യങ്ങളിൽ ഉത്തരം എഴുതുക**(40-45)**(6×3=18)**

40. പിറുപിറുത്ത ജനത്തെ ദൈവം ശിക്ഷിച്ചതെങ്ങനെ?
41. അബ്രഹാമിന്റെ സ്നേഹം പരിശോധിക്കുവാൻ ദൈവം എന്തു കല്പിച്ചു?
42. ബിലെയാമിന്റെ അന്ത്യം എങ്ങനെയായിരുന്നു?
43. ഇയ്യോബിന്റെ സമ്പത്തു എന്തെല്ലാമായിരുന്നു?
44. വചനം കേട്ടു ഗ്രഹിക്കുന്നവർ എന്തെല്ലാം ചെയ്യുന്നു?
45. ദൈവാലയത്തിലെ അശുദ്ധി കണ്ടു യേശു എന്തുചെയ്തു?

**X** 46. യേശുക്രിസ്തു നേരിട്ട പരീക്ഷകൾ വിവരിക്കുക. **(1×5=5)**

**XI ഒരു പേജിൽ കവിയാതെ എഴുതുക** (ഏതെങ്കിലും ഒന്ന്) **(1×12=12)**

47. **a)** ദൈവം ഫറവോനെ 10 ബാധകളിലൂടെ എങ്ങനെ ശിക്ഷിച്ചു എന്ന് വിശദീകരിക്കുക

**OR**

**b)** പ്രകൃതിശക്തികളുടെമേൽ യേശുവിന് അധികാരമുണ്ടെന്ന് തെളിയിക്കുന്ന സംഭവങ്ങൾ വിവരിക്കുക.

**XII വാക്യം എഴുതുക** (48-51) **(4×4=16)**

48. മത്തായി 28 :18
49. 1 കൊരി 10 :14
50. യോഹ 4 : 24
51. സങ്കീ 77 : 14

**CHURCH OF GOD IN INDIA, KERALA STATE**

## SUNDAY SCHOOL ANNUAL EXAMINATION, 2021

**ക്ലാസ്സ് 5**

Time: 2Hrs
Marks: 100

**I. ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക** (1-10) **(10 X 1 =10)**

1. മോശയുടെ അമ്മായിഅപ്പന്റെ പേരെന്ത്?
(റെഗുവേൽ, ലാമേക്ക്, ലാബാൻ)
2. പെസഹാ ആചരിച്ച മാസവും തീയതിയും
(കിസ്ലേവ് 9, സിവാൻ 3, ആബീബ് 14)
3. ന്യായാധിപന്മാരുടെ പുസ്തകം എഴുതിയത് ആര്?
(ശമുവേൽ, മോശെ, ശലോമോൻ)
4) ഇടയനും കാട്ടത്തിപ്പഴം പെറുക്കുന്നവനുമായിരുന്ന പ്രവാചകൻ ആര്?
(ഹോശെയ, യോവേൽ, ആമോസ്)
5) യോനാ നിനവെയിൽ പോകുന്നതിന് പകരം എവിടേയ്ക്കാണ് പോയത്?
(തർശീശ്, അസ്സിറിയ, യോപ്പാ)
6) മരുഭൂമിയിൽ ദൈവത്തിന്റെ ശബ്ദമായി മുഴങ്ങിയ പ്രവാചകനാര്?
(യെശയ്യാവ്, എലീശ, സ്നാപക യോഹന്നാൻ)
7) പത്രൊസിന്റെ സ്വദേശം ഏത്?
(ബെത്ത്സയിദ, ശമര്യ, യെരുശലേം)
8) ഇത്താലിക എന്ന പട്ടാളവിഭാഗത്തിന്റെ ശതാധിപനാര്?
(അലക്സാണ്ടർ, കൊർന്നല്യോസ്, പീലാത്തോസ്)
9) 'ജാതികളുടെ അപ്പൊസ്തലൻ' എന്നറിയപ്പെട്ടത് ആര്?
(പത്രോസ്, പൗലൊസ്, ബർന്നബാസ്)
10) യൂറോപ്പിലെ പ്രഥമ വിശ്വാസിയാര്? *(രൂത്ത്, ലുദിയ, ഹന്നാ)*

**II. പേരെഴുതുക** (11-15) **(5 X 1 =5)**

11) സോദോം ഗോമോറ നശിപ്പിക്കപ്പെട്ടത് വഴി ഉളവായ കടലിന്റെ പേരെന്ത്?
12) അഹരോന് ശേഷം മഹാപുരോഹിതനായതാര്?
13) യോശുവയുടെ മറ്റൊരു പേരെന്ത്?
14) 'എഴുന്നേറ്റ് അറുത്തു തിന്നുക' എന്നൊരു ശബ്ദം കേട്ടതാര്?
15) ലുദ്ദയിലെ പക്ഷവാതരോഗിയുടെ പേരെന്ത്?

**III. പൂരിപ്പിക്കുക** (16-20) **(5 X 1 =5)**

16) അഹരോന്റെ വടി തളിർത്തു പൂത്ത് ................ ഫലം കായ്ച്ചിരുന്നു
17) ദെബോര ഒരു ന്യായാധിപ മാത്രമല്ല, ഒരു .......... കൂടെ ആയിരുന്നു
18) ഒരു കഴുതയുടെ പച്ച താടിയെല്ലുകൊണ്ട് ശിംശോൻ ................ ഫെലിസ്ത്യരെ കൊന്നു
19) വിഭജിക്കപ്പെട്ട യിസ്രായേലിന്റെ തലസ്ഥാനം .................. ആയിരുന്നു
20) കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും, അവനു ......... എന്ന് പേർ വിളിക്കും

**IV. അർത്ഥം എഴുതുക** (21-24) **(4 X 1 =4)**

21) നോഹ 22) അഹരോൻ 23) ഗിദെയോൻ 24) എസ്ഥേർ

**V. ചേരുംപടി ചേർക്കുക** (25-29) **(5 X 1 =5)**

| | | | |
|---|---|---|---|
| 25) | ഹദസ്സെ | - | സിസെരാ |
| 26) | യിമ്ള | - | എസ്ഥേർ |
| 27) | ഹെബ്രോൻ | - | മക്പേല |
| 28) | യായേൽ | - | മീഖായാവ് |
| 29) | യാക്കോബ് | - | കൂട്ടായ്മ |

**VI. തെറ്റോ ശരിയോ എന്നെഴുതുക** (30-33) **(4 X 1 =4)**

30) മിസ്രയിമിലേക്കു ദൈവം അയച്ച ഏഴാമത്തെ ബാധയാണ് വെട്ടുക്കിളി
31) സൂര്യാ നീ അയ്യാലോന്നിലും, ചന്ദ്രാ നീ ഗിബയോൻ താഴ്വരയിലും നിൽക്ക എന്ന് യോശുവ പറഞ്ഞു
32) ഗിദെയോൻ മനശ്ശെ ഗോത്രക്കാരനായിരുന്നു
33) യെരുശലേം സഭയിൽ യവനഭാഷയും എബ്രായഭാഷയും സംസാരിക്കുന്ന യഹൂദന്മാർ ഉണ്ടായിരുന്നു

**VII. ആര് ആരോട് പറഞ്ഞു?** (34-37) **(4 X 2=8)**

34) ഞാൻ പറഞ്ഞല്ലാതെ ഈയാണ്ടുകളിൽ മഞ്ഞും മഴയും ഉണ്ടാകയില്ല
35) നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു ആകുന്നു
36) നീ ഈ സമയത്ത് മിണ്ടാതിരുന്നാൽ യഹൂദന്മാർക്ക് മറ്റൊരു സ്ഥലത്ത് നിന്ന് ഉദ്ധാരണവും രക്ഷയും ഉണ്ടാകും
37) അവരെ ഭയപ്പെടരുത്, ഞാൻ അവരെ നിന്റെ കയ്യിൽ ഏല്പിക്കും

**VIII. കാരണം എഴുതുക** (38-39) **(2 X 3=6)**

38) ഏലിയാവ് തീയുടെയും മഴയുടെയും പ്രവാചകൻ എന്നു വിളിക്കപ്പെടുന്നു
39) യെശയ്യാപ്രവചനം വേദപുസ്തകത്തിലെ വേദപുസ്തകം എന്ന് അറിയപ്പെടുന്നു

**IX. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക** (40-42) **(3 X 3=9)**

40) സ്തേഫാനോസിന്റെ രക്തസാക്ഷിമരണം മൂലം ഉണ്ടായ പ്രയോജനങ്ങൾ എന്തെല്ലാം?
41) അബ്രഹാമും ലോത്തും പിരിയുവാനുള്ള കാരണം എന്ത്?
42) രെഹബെയാം യൗവനക്കാരുടെ ആലോചന കേട്ടതിന്റെ ഫലം എന്തായിരുന്നു?

**X.** 43) യെശയ്യാവിന്റെ ജീവിത വിജയത്തിന്റെ 5 കാര്യങ്ങൾ എന്തെല്ലാം? **(1 X 5 =5)**

**XI. ഒരു ഖണ്ഡികയിൽ കുറയാതെ ഉത്തരം എഴുതുക. (ഏതെങ്കിലും ഒന്നിന്)** **(1 X 5 =5)**

44. a) പത്രോസ് ചെയ്ത അത്ഭുതങ്ങൾ വിവരിക്കുക

**Or**

b) ശലോമോന്റെ പരാജയത്തിലേക്ക് നയിച്ച കാരണങ്ങൾ വിശദമാക്കുക

**XII. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക (ഏതെങ്കിലും ഒന്നിന്)** **(1 X12=12)**

45. a) സ്നാപക യോഹന്നാൻ യേശുകർത്താവിനെ ലോകത്തിന് പരിചയപ്പെടുത്തിയ വിധം വിശദമാക്കുക **Or**

b) പൂരിം ഉത്സവം എന്നാലെന്ത്? അതിന്റെ പിൻപിലുള്ള കഥ വിവരിക്കുക

**XIII. വാക്യം പൂരിപ്പിക്കുക** (46-47) **(2 X3=6)**

46) ........................... ജീവിതം കഴിക്കുന്ന ഒരുത്തനും ശക്തി പ്രാപിക്കയില്ല
47) നമ്മെപ്പോലെ പരിശുദ്ധാത്മാവ് ലഭിച്ച ഇവരെ ............... കൂടാതവണ്ണം വെള്ളം വിലക്കുവാൻ ആർക്ക് കഴിയും

**XIV. വാക്യം എഴുതുക** (48-51) **(4 X 4=16)**

48) സങ്കീ. 37:5 49) 1 പത്രൊ. 2:9
50) സങ്കീ. 50:22 51) മത്തായി 12:41

**CHURCH OF GOD IN INDIA, KERALA STATE**

## SUNDAY SCHOOL ANNUAL EXAMINATION, 2021

### ക്ലാസ്സ് 6

Time 2 hrs.
Marks 100

**I ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക** (1-10) **(10 x 1=10)**

1 യേശുവിനെ ആദ്യമായി അനുഗമിച്ച ശിഷ്യൻ ആര്? *(പത്രൊസ്, അന്ത്രയാസ്, യോഹന്നാൻ)*
2. പഴയനിയമത്തിൽ ദൈവത്തെ ആദ്യമായി പാറ എന്നു വിളിച്ചിരിക്കുന്നത് ആരാണ്? *(മോശെ, യെശയ്യാവ്, ദാവീദ്)*
3. ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ ഗ്രീക്ക് പദം *(ബീമാ, ത്രോണോസ്, ഡയഡെമ)*
4. യെരുശലേമിൽ പണി കഴിപ്പിച്ച ആദ്യത്തെ ആലയം? *(സെരുബ്ബാബേലിന്റെ ആലയം, ശലോമോന്റെ ആലയം, ഹെരോദാവിന്റെ ആലയം)*
5. യിസ്രായേൽജനം പുറപ്പെട്ടത് മിസ്രയീമിൽ എവിടെ നിന്നായിരുന്നു? *(ഹോരേബ്, റമസേസ്, എലീം)*
6. തിമൊഥെയോസിന്റെ അമ്മയുടെ പേര് *(ലോവീസ്, യൂനിക്ക, ഫേബ)*
7. ഞങ്ങൾ മശിഹയെ അല്ലെങ്കിൽ ക്രിസ്തുവിനെ കണ്ടെത്തിയിരിക്കുന്നു എന്നു പറഞ്ഞതാര്? *(തോമസ്, അന്ത്രയാസ്, നഥനയേൽ)*
8. മിര്യാം മരിച്ചത് എവിടെ വെച്ചായിരുന്നു? *(എലീം, കാദേശ്, ശൂർ)*
9. മോവാബ്യർ ആരുടെ സന്തതികളാണ്? (കയീന്റെ, ലോത്തിന്റെ, നാഹോറിന്റെ)
10. ദാവീദ് ഏത് ഗോത്രക്കാരനായിരുന്നു? *(ബെന്യാമീൻ, യെഹൂദ, നഫ്താലി)*

**II പേരെഴുതുക** (11-15) **(5 x 1 = 5)**

11. എത്യോപ്യയിലെ ഭരണാധികാരികളെ ഏത് സ്ഥാനപ്പേരിലാണ് പരമ്പരാഗതമായി അറിയപ്പെടുന്നത്?
12. ഫിലേമോന്റെ സ്വന്തദേശം ഏത്?
13. നഥനയേലിനെ യേശുവുമായി പരിചയപ്പെടുത്തിയത് ആര്?
14 സകല ദുഷ്ടന്മാരേയും ന്യായംവിധിക്കുന്ന സിംഹാസനം ഏത്?
15. പ്രശംസാകിരീടം ആർക്കാണ് ലഭിക്കുന്നത്?

**III പൂരിപ്പിക്കുക** (16-20) **(5 x 1 = 5)**

16. ഹിദ്ദേക്കൽനദി ഇന്ന് .................. എന്ന പേരിൽ അറിയപ്പെടുന്നു
17. യിസ്ഹാക്കിനു ഭാര്യയെ തിരഞ്ഞെടുത്ത് കൊണ്ടുവന്നത് ...................... ആയിരുന്നു
18. ദാവീദിന്റെ പട്ടണം എന്ന് .......................... നെ വിളിച്ചിരിക്കുന്നു
19. ഞങ്ങളുടെ നീതിപ്രവർത്തികൾ ഒക്കെയും .................. പോലെ
20. മഹോപദ്രവകാലത്തെ ഭൂമിയിലെ ഭരണാധിപൻ ..................... ആണ്.

**IV അർത്ഥം എഴുതുക** (21-25) **(5 x 1 = 5)**

21. ഈയ്യോബ് 22. സാറാ 23. ഗത്ശെമന
24. തിമൊഥെയോസ് 25. യഹോവ-റാഹ്

**V ചേരുംപടി ചേർക്കുക** (26-30) **(5 x 1 = 5)**

| | | |
|---|---|---|
| 26. പോളികാർപ്പ് | - | യരുശലേം |
| 27. ഓബേദ് | - | സ്മുർന്ന |
| 28. ശാലേം | - | യിശ്ശായി |
| 29 മിര്യാം | - | ഹാരാൻ |
| 30. ലോത്ത് | - | കയ്പ് |

**VI ആര് ആരോട് പറഞ്ഞു** (31-34) **(4 x 2 = 8)**

31. "അന്യജാതിക്കാരി ആയിരിക്കെ നീയെന്നെ വിചാരിപ്പാൻ തക്കവണ്ണം നിനക്ക് എന്നോട് ദയതോന്നിയത് എങ്ങനെ?"
32. "നീ ഞങ്ങളെക്കാൾ ഏറ്റവും ബലവാനാകകൊണ്ട് ഞങ്ങളെ വിട്ട് പോക"
33. "ഇന്നു നീ എന്നോട്കൂടെ പറുദീസയിൽ ഇരിക്കും"
34. "നീ ഞങ്ങളുടെ ഇടയിൽ ദൈവത്തിന്റെ പ്രഭു ആണ്"

**VII കാരണം എഴുതുക** (35-36) **(2 x 3 = 6)**

35. യിസ്രായേൽജനം 40 വർഷം മരുഭൂമിയിൽ അലയേണ്ടിവന്നു. കാരണം?
36. കർത്താവിന്റെ പ്രാർത്ഥന എന്നറിയപ്പെടുന്ന പ്രാർത്ഥന ദിനവും നാം ചൊല്ലാത്തതിന്റെ കാരണമെന്ത്?

**VIII ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക?** (37-39) **(3 x 3 =9)**

37. സഹസ്രാബ്ദ വാഴ്ച എന്നാൽ എന്ത്?
38. എന്തുകൊണ്ടാണ് ഇയ്യോബിനു മക്കളെ ഇരട്ടിയായി ദൈവം നൽകാതിരുന്നത്?
39. ആരാധനയുടെ ഫലങ്ങൾ എന്തെല്ലാമാണ്?

**IX 40. യേശു തിരഞ്ഞെടുത്ത 12 അപ്പൊസ്തലൻമാരുടെ പേരുകൾ എഴുതുക (1 x 4=4)**

**X 41. ക്രൂശിലെ 7 മൊഴികൾ എഴുതുക (1 x 4=4)**

**XI ഒരു ഖണ്ഡികയിൽ കുറയാതെ ഉത്തരം എഴുതുക** (ഏതെങ്കിലും ഒന്ന്) **(1 x 5=5)**

42. ഇയ്യോബിന്റെ സവിശേഷതകൾ എഴുതുക

**Or**

സമാഗമനകൂടാരത്തെപ്പറ്റി ഒരു ലഘു വിവരണം എഴുതുക

**XII ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക**(ഏതെങ്കിലും ഒന്ന്) **(1 x 12 =12)**

43. a) യഥാർത്ഥ ശിഷ്യനുണ്ടായിരിക്കേണ്ട ഗുണവിശേഷങ്ങൾ വിവരിക്കുക

**Or**

b) ഭൂമിയിൽ ദൈവരാജ്യം സ്ഥാപിക്കുമ്പോൾ (സഹസ്രാബ്ദ വാഴ്ച കാലത്ത്) ഉണ്ടാകുന്ന മാറ്റങ്ങൾ വിവരിക്കുക

**XIII വാക്യം പൂരിപ്പിക്കുക** (44-45) **(2 x 3 =6)**

44. അനീതി ചെയ്യുന്നവൻ ഇനിയും ............... തന്നെ വിശുദ്ധീകരിക്കട്ടെ
45. നീ മൽക്കീസേദെക്കിന്റെ ................ അനുതപിക്കയുമില്ല

**XIV വാക്യം എഴുതുക** (46-49) **(4 x 4 = 16)**

46 സങ്കീ. 32:1,2 47. ഇയ്യോബ് 13:15.
48. 1തെസ്സ.4:16,17 49. 1കൊരി.15:45

**CHURCH OF GOD IN INDIA, KERALA STATE**

## SUNDAY SCHOOL ANNUAL EXAMINATION, 2021

**ക്ലാസ്സ് 7**

Time 2 hrs.
Marks 100

**I ശരിയായ ഉത്തരം എടുത്ത് എഴുതുക** (1–10) **(10× 1=10)**

1. രക്ഷിക്കപ്പെടുമ്പോൾ പേര് സ്വർഗ്ഗത്തിലെ എവിടെ എഴുത്തപ്പെടുന്നു?
   *(ജീവപുസ്തകത്തിൽ, ഓർമ്മയുടെ പുസ്തകത്തിൽ, വിശുദ്ധപുസ്തകത്തിൽ)*
2. 'മിശിഹ' എന്നതിന്റെ ഗ്രീക്ക് പദം *(യേശു, ക്രിസ്തു, കർത്താവ്)*
3. നാല് സുവിശേഷങ്ങളിൽ ആദ്യം എഴുതപ്പെട്ടത്
   (മത്തായി, മർക്കോസ്, ലൂക്കോസ്)
4. പുതിയനിയമത്തിലെ ചരിത്രപുസ്തകം
   *(ലൂക്കോസ്, അപ്പൊസ്തല പ്രവൃത്തികൾ, എബ്രായർ)*
5. യെരുശലേമിൽ നിന്ന് ഏഴ് നാഴിക ദൂരമുള്ള ഒരു ഗ്രാമം
   *(ശമര്യ, ബെഥാന്യ, എമ്മവുസ്)*
6. ...................... ന്റെ പത്താം തലമുറക്കാരനാണ് അബ്രഹാം
   (ശേം, ഹാം, യാഫെത്ത്)
7. മോശയുടെ സഹോദരിയായ മിര്യാം മരിച്ചത് എവിടെവച്ച്?
   *(തബേര, കാദേശ്, ഹസേരോത്ത്)*
8. കാൽവറി എന്നത് .................... ഭാഷയിലെ പദമാണ്
   *(എബ്രായ, ലാറ്റിൻ, ഗ്രീക്ക്)*
9. യോശുവ ഏത് പർവ്വതത്തിൽ നിന്നുകൊണ്ടാണ് അനുഗ്രഹങ്ങൾ പ്രഖ്യാപിച്ചത്? *(ഏബാൽ, ഗെരിസിം, കർമ്മേൽ)*
10. ലൂക്കോസിന്റെ സുവിശേഷത്തിൽ യേശുവിനെ ആരായി വെളിപ്പെടുത്തിയിരിക്കുന്നു?
    *(മനുഷ്യൻ, രാജാവ്, ദൈവപുത്രൻ)*

**II പേരെഴുതുക** (11–15) **(5×1=5)**

11. യേശു ബേത്‌ലഹേമിൽ ജനിക്കുമെന്ന് പ്രവചിച്ച പ്രവാചകൻ
12. ശിംശോന്റെ ഗോത്രം ഏത്?
13. ശലോമോന്റെ മാതാവ്
14. ഗലീലക്കടലിന്റെ മറ്റൊരു പേര്
15. മോശെയുടെ ഭാര്യയുടെ പേര്

**III പൂരിപ്പിക്കുക** (16–20) **(5×1=5)**

16. യോഹന്നാൻ സ്നാപകൻ നടത്തിയ സ്നാനം .............. സ്നാനവും പുതിയനിയമസഭയുടേത് വിശ്വാസസ്നാനവുമാണ്
17. മിസ്രയിം എന്നത് ........................ ന്റെ എബ്രായ പേരാണ്
18. പാലസ്തീന്റെ മാറ്റമില്ലാത്ത അതിർത്തി, പടിഞ്ഞാറ് വശത്തുള്ള .............. മാത്രമായിരുന്നു
19. മരുഭൂമിയിൽ വച്ച് യഹോവയെ ആരാധിക്കേണ്ടതിന് യിസ്രായേൽ ജനങ്ങൾക്ക് നൽകപ്പെട്ട സ്ഥാപനമാണ് .................
20. യഹൂദന്മാരുടെ മതകോടതി ................ എന്നറിയപ്പെടുന്നു

**IV അർത്ഥം എഴുതുക** (21–24) **(4×1=4)**

21. ഗോൽഗോഥാ 22. ഫിലിപ്പോസ് 23. യോശുവ 24. മാറാ

**V ചേരുംപടി ചേർക്കുക** (25–30) **(6×1=6)**

| | | | |
|---|---|---|---|
| 25. | ഏവൻഗേലിയോൻ | – | ഗിൽഗാൽ |
| 26. | ഹോൺസ് ഓഫ് ഹാറ്റിൻ | – | ബർന്നബാസ് |
| 27. | കുപ്രോസ് | – | ദേവത |
| 28. | പ്രവാചിക | – | സദ്വാർത്ത |
| 29. | പരിഛേദന | – | ഗിരിപ്രഭാഷണം |
| 30. | കുറേനേ | – | ദെബോരാ |

**VI ആര് ആരോട് എപ്പോൾ പറഞ്ഞു** (31–33) **(3×3=9)**

31. "ഞാൻ കർത്താവിന്റെ ദാസി, നിന്റെ വാക്കുപോലെ എനിക്ക് ഭവിക്കട്ടെ"
32. "എന്റെ രാജ്യം ഐഹികമല്ല"
33. "നീ എന്നെ അനുഗ്രഹിച്ചല്ലാതെ ഞാൻ നിന്നെ വിടുകയില്ല"

**VII കാരണം എഴുതുക** (34–36) **(3×2=6)**

34. അപ്പൊസ്തല പ്രവൃത്തികളുടെ പുസ്തകം 'പരിശുദ്ധാത്മാവിന്റെ പ്രവൃത്തികൾ' എന്നറിയപ്പെടുന്നു
35. കനാൻനാടിനെ വിശുദ്ധദേശം എന്ന് വിളിക്കുന്നു
36. കല്ല് അപ്പമാക്കുവാൻ യേശു തന്നിൽ നിക്ഷിപ്തമായ ദൈവശക്തി ഉപയോഗിച്ചില്ല

**VIII രണ്ടോ മൂന്നോ വാക്യങ്ങളിൽ ഉത്തരമെഴുതുക**(37–40) **(4×2=8)**

37. ആർക്കാണ് സ്നാനം നൽകേണ്ടത്?
38. യേശുവിന്റെ അത്ഭുതങ്ങളുടെ ഉദ്ദേശ്യം എന്തായിരുന്നു?
39. ആത്മാവിന്റെ വരങ്ങൾ ഏതെല്ലാം?
40. ക്രിസ്തീയസഭയുടെ രണ്ട് കർമ്മങ്ങൾ ഏതെല്ലാം?

**IX ഓരോ ഖണ്ഡികയിൽ ഉത്തരമെഴുതുക** (41–42) **(2×4=8)**

41. ക്രൂശിലെ ഏഴു മൊഴികൾ ഏതെല്ലാം?
42. മോശെക്ക് എന്തുകൊണ്ട് കനാനിൽ പ്രവേശിക്കുവാൻ കഴിഞ്ഞില്ല?

**X ഒരു പേജിൽ കുറയാതെ ഉപന്യസിക്കുക** **(1×12=12)**

43. (a) ശലോമോൻ രാജാവിന്റെ ജ്ഞാനം, പ്രതാപം, അധഃപതനം എന്നിവയെക്കുറിച്ച് വിവരിക്കുക

*അല്ലെങ്കിൽ*

(b) യേശുവിന്റെ അത്ഭുതങ്ങളുടെ ഉദ്ദേശ്യവും വിഭജനവും പ്രത്യേകതകളും വിവരിക്കുക

**XI** 44. പലസ്തീന്റെ പടം വരച്ച് മെരോം തടാകം, ഗലീലക്കടൽ, യെരുശലേം, ചാവുകടൽ എന്നിവ അടയാളപ്പെടുത്തുക **(1×7=7)**

**XII വാക്യം എഴുതുക** (45–49) **(5×4=20)**

45. യെഹ.5:5 46. യോഹ.19:28 47. മത്താ. 5:19
48. 1 ദിന.29:11 49. 2 തിമൊ. 2:8

**CHURCH OF GOD IN INDIA, KERALA STATE**

## SUNDAY SCHOOL ANNUAL EXAMINATION, 2021

**ക്ലാസ്സ് 8**

Time 2 hrs.
Marks 100

**I ശരിയായ ഉത്തരം എടുത്ത് എഴുതുക (1-10) (10× 1=10)**

1. അപ്പോക്രിഫ പുസ്തകങ്ങൾ എത്ര എണ്ണം ആണുള്ളത്?
   *(12, 13, 14)*
2. പ്രഥമ വേദപുസ്തക രക്തസാക്ഷി ആരായിരുന്നു?
   *(വില്യംറ്റിൻ ഡെയ്ൽ, ജോൺ റോജേഴ്സ്, വില്ല്യംകേറി)*
3. ശൗലിന് കാഴ്ച കിട്ടുവാൻ പ്രാർഥിച്ചതും സ്നാനപ്പെടുത്തിയതും ആര്?
   *(പത്രോസ്, അനന്യാസ്, യൂദ)*
4. പൗലോസിന്റെ ജന്മസ്ഥലം.*(തർസോസ്, അന്ത്യോക്യ, കൈസര്യ)*
5. തിരുനിവാസത്തിലെ പലകകളുടെ എണ്ണം?
   *(38, 48, 58)*
6. ബൈബിൾ വിവർത്തനംചെയ്യപ്പെട്ട ആദ്യഇന്ത്യൻ ഭാഷ?
   (തമിഴ്, ബംഗാളി, ഹിന്ദി)
7. ബൈബിളിലെ കേന്ദ്രവിഷയം എന്ത് ?
   (നിത്യത, ദൈവസഭ, യേശുക്രിസ്തു)
8. 1611 ൽ പ്രസിദ്ധീകരിച്ച ഇംഗ്ലീഷ് വേദപുസ്തകം ഏത് ?
   (റിവൈസ്ഡ്, സ്റ്റാൻഡേർഡ്വേർഷൻ, ബ്രെയ്‌ലിബൈബിൾ,
   കിംഗ് ജെയിംസ് വേർഷൻ)
9. സമാഗമനകൂടാരത്തിന്റെപ്രധാനപണിക്കാരിൽ ഒരുവനായിരുന്നു?
   (ബെസലേൽ, ഹൂർ, യോശുവ)
10. ശിശുസ്നാനവും തളിപ്പുസ്നാനവും സഭയിൽ കടന്നുകൂടിയത് ...........
    നൂറ്റാണ്ടിന്റെ പകുതിയോടു കൂടിയാണ്? (1, 2, 3)

**II പേരെഴുതുക (11-15) (5×1=5)**

11. വേദപുസ്തകത്തിൽ ആദ്യം ദശാംശം കൊടുത്ത ആൾ ആര്?
12. വേദപുസ്തകത്തിന്റെ ആദ്യ എഴുത്തുകാരൻ ആര്?
13. പുതിയനിയമ കാനോന് മുൻകൈ എടുത്തതാര്?
14. പ്രാകാരത്തിന്റെ തൂണുകളുടെ എണ്ണം?
15. കിംഗ് ജയിംസ് വേർഷൻ എന്നപേരിൽ ബൈബിൾ വിവർത്തനം ചെയ്തു പ്രസിദ്ധീകരിച്ച വ്യക്തി?

**III പൂരിപ്പിക്കുക (16-20) (5×1=5)**

16. സ്നാനം ദൈവത്തിന്റെ ............................ യും കല്പനയും ആണ് .
17. ............................ ആണ് യഹൂദാ മാർഗ്ഗത്തിലെ മതഭക്തിയിൽ ഏറ്റവും ശുഷ്കാന്തിയുള്ള വിഭാഗം
18. ജീവൻ രക്തത്തിൽ നിലകൊള്ളുന്നുഎന്ന് .............................. പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു
19. സ്ത്രീയുടെസന്തതിയായി ................................. ജനിച്ച് ആദാമ്യ ഉടമ്പടി നിവർത്തിച്ചു
20. ഇന്നു നാം ഉപയോഗിക്കുന്ന സത്യവേദപുസ്തകം ആദ്യമായി പ്രസിദ്ധീകരിച്ചത് ............................ വർഷത്തിലായിരുന്നു

**IV അർത്ഥം എഴുതുക (21-24) (4× 1=4)**

21. തെയോസ് 22. വിശുദ്ധീകരണം 23. എക്ലീസിയ 24. പൗലോസ്

**V കാരണം എഴുതുക (25-26) (2× 2=4)**

25. ദൈവം നമുക്ക് കഷ്ടത തന്ന് രക്ഷയുടെ പൂർണതയിലേക്ക് ഒരുക്കുന്നു
26. യേശുവിന്റെ രക്തത്തിനു മാത്രം പാപം മോചിക്കുവാൻ കഴിയുന്നു.

**VI രണ്ടോ മൂന്നോ വാക്യങ്ങളിൽ ഉത്തരമെഴുതുക(27-31) (5× 2=10)**

27. മാനസാന്തരപ്പെട്ട ശൗലിനെ ദൈവം എങ്ങനെ ഉപയോഗിച്ചു ?
28. നീതികരണം പ്രാപിക്കുന്നവന് ലഭിക്കുന്ന ത്രികാല അനുഗ്രഹങ്ങൾ ഏതെല്ലാം ?
29. യേശുക്രിസ്തുവിന്റെ മഹാപ്രവർത്തി എന്തായിരുന്നു ?
30. ഒരു രക്ഷിതാവിനു വേണ്ട യോഗ്യതകൾ എന്തെല്ലാം?
31. രണ്ടാം മരണംഎന്നാൽ എന്ത് ?

**VII സന്ദർഭം കുറിച്ച് ആശയം വ്യക്തമാക്കുക (32-33) (2× 3=6)**

32. എന്റെ അപ്പൻറെ കൂലിക്കാർ ഭക്ഷണം കഴിച്ച് ശേഷിപ്പിക്കുന്നു.
33. നീ എനിക്ക് തരുന്ന സകലത്തിലും ഞാൻ നിനക്ക് ദശാംശംതരും.

**VIII ഓരോ ഖണ്ഡികയിൽ ഉത്തരമെഴുതുക (34-37) (4× 4=16)**

34. അഡോണിറാംജഡ്സൻ ആര്? സംഭാവനകൾ എന്തെല്ലാം ?
35. യേശുക്രിസ്തുവിന്റെനിസ്തുല്യപ്രവർത്തി
36. പാപത്തിന്റെ ഫലങ്ങൾ എന്തെല്ലാം ?
37. മാനസാന്തരത്തിന്പ്രാധാന്യംഎന്ത് ?

**IX38. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക**(ഏതെങ്കിലും രണ്ടെണ്ണം) **(2× 10=20)**

(a) രക്ഷയുടെത്രികാലാനുഭവങ്ങൾ ഏതെല്ലാം? അവ മനുഷ്യനിലെ മൂന്നു ഘടകങ്ങളുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു

(b) തിരുമേശയുടെഉൽകൃഷ്ടതഎന്താണ്? മറ്റ് ഏതൊരു വസ്തുതയെക്കാളും കർത്തൃമേശക്കുള്ള പ്രതികരണശേഷി എന്താണ്?

(c) സമാഗമന കൂടാരം പൊതുവെ ഏതിനെല്ലാം സദൃശമാകുന്നു?

**X വാക്യം എഴുതുക (39-43) (5× 4=20)**

39. യിരമ്യാവ് 23:29 40. 1പത്രോസ് 1:23 41. വെളിപ്പാട് 21:3
42. അപ്പോ.പ്രവർത്തി 4:12 43. യൂദ 24 ,25

**CHURCH OF GOD IN INDIA, KERALA STATE**

## SUNDAY SCHOOL ANNUAL EXAMINATION, 2021

**ക്ലാസ്സ് 9**

Time 2 hrs.
Marks 100

**I ശരിയായ ഉത്തരം എടുത്ത് എഴുതുക** (1-10) **(10× 1=10)**

1. യേശുക്രിസ്തുവിന്റെ രഹസ്യവരവിന്റെ മറ്റൊരു പേരെന്ത്?
*(മണിയറവാസം, മഹോപദ്രവം, സഭയുടെ ഉൽപ്രാപണം)*
2. മഹാപുരോഹിതൻ നിലയങ്കിയുടെ പുറമെ ശരീരത്തിന്റെ മുൻവശത്ത് അണിയുന്നതെന്താണ്? *(ഏഫോദ്, വിശുദ്ധമുടി, അരക്കെട്ട്)*
3. 'യിസ്രായേൽ രാഷ്ട്രം സ്ഥാപിതമായത് എന്നാണ്?
*(1940, 1958, 1948)*
4. യാഗത്തിന്റെ പ്രമാണം ലഭിച്ച ശേഷമുള്ള ആദ്യയാഗം നടത്തിയതാരാണ്?
*(മോശെ, യേശുക്രിസ്തു, അഹരോൻ)*
5. ഗോഗ് മാഗോഗ് യുദ്ധത്തിനായി ലോകരാഷ്ട്രങ്ങളുടെ ശത്രുനിര അണി നിരക്കുന്നത് എവിടെയാണ്? *(സിറിയ, ബാബേൽ, യെരുശലേം)*
6. പെസഹാക്കുഞ്ഞാടിനെ അറുക്കേണ്ടത് എന്നാണ്?
*(1-ാം മാസം 10-ാം തീയതി, 1-ാം മാസം 14-ാം തീയതി, 7-ാം മാസം 1-ാം തീയതി)*
7. ബൈബിളിലെ ആദ്യ പ്രവചനം നടത്തിയതാരാണ്?
*(ദൈവം, അബ്രഹാം, ഹാനോക്ക്)*
8. പ്രവാചക പാഠശാലകൾ തുടങ്ങിയതാരാണ്?
*(അബ്രഹാം, മോശെ, ശമുവേൽ)*
9. ആദ്യഫലപെരുന്നാൾ ഏതിന്റെ നിഴലാണ്?
*(പരിശുദ്ധാത്മാവ്, യേശുക്രിസ്തു, സഭയ്ക്ക്)*
10. മൃഗം എന്ന പേരിൽ അറിയപ്പെടുന്നതാരാണ്?
*(എതിർക്രിസ്തു, കള്ളപ്രവാചകൻ, സാത്താൻ)*

**II പേരെഴുതുക** (11-15) **(5× 1=5)**

11. ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേയുള്ള ഏക മദ്ധ്യസ്ഥൻ ആര്?
12. കൊയ്ത്തുപെരുന്നാളിന്റെ മറ്റൊരു പേര്
13. പ്രധാനദൂതന്റെ പേരെന്ത്?
14. പ്രബോധക പ്രവാചകനാർ?
15. പുളിപ്പില്ലാത്ത അപ്പത്തിനു മോശെ നൽകിയ പേര്

**III പൂരിപ്പിക്കുക** (16-20) **(5× 1=5)**

16. ഭോജനയാഗത്തിൽ ...................... ഉം ................. ഉം നിരോധിച്ചിരുന്നു
17. ...................... കൊണ്ട് 2 കാഹളമുണ്ടാക്കുവാൻ ദൈവം മോശെയോടു കല്പിച്ചു
18. ............... ആഴ്ചവട്ടം കഴിഞ്ഞശേഷം മശിഹ ഛേദിക്കപ്പെടും
19. വെള്ളസിംഹാസനത്തിലെ ന്യായവിധിക്കു ....................... എന്ന് പേര് വിളിക്കുന്നു
20. കൂടാരപെരുന്നാൾ ആചരിക്കാനായി യഹൂദൻ .......................... ദിവസങ്ങളിൽ കൂടാരങ്ങളിൽ പാർക്കുന്നു

**IV അർത്ഥം എഴുതുക** (21-24) **(4× 1=4)**

21. പെസഹ 22. പെന്തക്കോസ്തു 23. ഗോഗ് 24. ഘോസെ

**V കാരണം എഴുതുക** (25-26) **(2× 2=4)**

25. പെന്തക്കോസ്തു പെരുന്നാളിൽ പുതിയ ധാന്യം കൊണ്ടു പുളിപ്പിച്ചു ചുട്ട രണ്ട് അപ്പത്തിന്റെ പൊരുൾ
26. യെഹൂദൻ വർഷത്തിൽ 3 പ്രാവശ്യം ഉത്സവം ആചരിക്കാനായി യെരുശലേമിൽ ഒരുമിച്ചു കൂടിയിരുന്നു.

**VI രണ്ടോ മൂന്നോ വാക്യങ്ങളിൽ ഉത്തരമെഴുതുക**(27-32) **(6× 2=12)**

27. എന്തൊക്കെ വസ്തുക്കളാണ് ഭോജനയാഗത്തിൽ ചേർക്കേണ്ടത്?
28. മഹോപദ്രവം നടത്തുന്നവൻ ആര്? അവനോടൊപ്പം പ്രവർത്തിക്കുന്നവർ ആരെല്ലാം?
29. കൂടാരപെരുന്നാൾ ഓർമ്മിപ്പിക്കുന്ന യാഥാർത്ഥ്യങ്ങൾ ഏതെല്ലാമാണ്?
30. സാത്താന്റെ അന്ത്യം എങ്ങനെയാണ്?
31. അകാനോനിക പ്രവാചകന്മാർ എന്നാൽ ആരാണ്?
32. പാപയാഗം അർപ്പിക്കേണ്ട നാല് കൂട്ടർ ആരെല്ലാം? ഇത് എന്തിനെ കാണിക്കുന്നു?

**VII ഓരോ ഖണ്ഡികയിൽ ഉത്തരമെഴുതുക** (33-35) **(3× 4=12)**

33. യേശുക്രിസ്തുവിന്റെ മടങ്ങിവരവിന്റെ രാഷ്ട്രീയ ലക്ഷണങ്ങൾ ഏതെല്ലാം?
34. കാനോനിക പ്രവാചകന്മാരുടെ ആശയവിനിമയ രീതി വിവരിക്കുക
35. പുതിയ യരുശലേം എന്ന വിശുദ്ധ നഗരത്തെപ്പറ്റി വിവരിക്കുക

**VIII സന്ദർഭം കുറിച്ച് ആശയം വ്യക്തമാക്കുക** (36-37) **(2× 3=6)**

36. 'അന്ന് ഏത് കണ്ണും, അവനെ കുത്തിതുളച്ചവരും അവനെ കാണും'
37. "അന്ത്യകാലത്ത് സകല ജഡത്തിന്മേലും ഞാൻ എന്റെ ആത്മാവിനെ പകരും"

**IX 38. എബ്രായ മാസങ്ങളും, തത്തുല്യ ഇംഗ്ലീഷ് മാസങ്ങളും ക്രമത്തിൽ എഴുതുക** **(1× 8=8)**

**X 39. ഉപന്യസിക്കുക (ഏതെങ്കിലും ഒരെണ്ണം)** **(1× 14=14)**

(a) പെസഹ പെരുന്നാൾ, അതിന്റെ ആചരണം, നിവർത്തീകരണം, പെസഹയിലൂടെ വിടുവിക്കപ്പെട്ട യിസ്രായേലും പുതിയനിയമ വിശ്വാസികളും

**(അല്ലെങ്കിൽ)**

(b) യേശുക്രിസ്തുവിന്റെ രഹസ്യ വരവിന്റെ ഘട്ടങ്ങൾ, ഉൽപ്രാപണം പ്രാപിക്കുന്ന സഭയുടെ യോഗ്യതകൾ, മേഘത്തിലുള്ള വരവിന്റെ പ്രത്യേകതകൾചുരുക്കി എഴുതുക

**XI വാക്യം എഴുതുക** (40-44) **(5× 4=20)**

40. 1 തെസ്സ. 4:16-17
41. യെശയ്യാ. 35:9-10
42. 1 പത്രൊ. 2:24
43. സങ്കീ.50:5
44. യോവേൽ 2:28

**CHURCH OF GOD IN INDIA, KERALA STATE**

## SUNDAY SCHOOL ANNUAL EXAMINATION, 2021

**ക്ലാസ്സ് 10**

Time 2 hrs.
Marks 100

**I ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക** (1-7) **(7 ×1 =7)**

1) മനുഷ്യനിൽ ദൈവബോധം നൽകുന്ന ഘടകം ഏതാണ്?
*(ശരീരം, മനസ്സ്, ആത്മാവ്)*
2) ദൈവത്തിന്റെ സിംഹാസനം എവിടെയാണ്?
*(സ്വർഗ്ഗത്തിൽ, ഭൂമിയിൽ, എല്ലായിടത്തും)*
3) "ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു". ആരുടെ വാക്കുകൾ? *(റിക്ക് വാറൻ, പൗലോസ്, യോഹന്നാൻ)*
4) "എന്റെ പിതാവിനുള്ളതിൽ ഞാൻ ഇരിക്കേണ്ടതല്ലയോ? യേശുവിന്റെ ഈ വെളിപ്പെടുത്തൽ എത്രാം വയസ്സിൽ ആയിരുന്നു? *(18, 33, 12)*
5) തലകീഴായി ക്രൂശീകരണത്തിനു ഏല്പിക്കപ്പെട്ട രക്തസാക്ഷി ആരാണ്?
*(സ്തേഫാനോസ്, യാക്കോബ്, പത്രോസ്)*
6) വർജ്ജനം ആചരിക്കുന്നവർക്ക് ലഭിക്കുന്ന കിരീടം എന്ത്?
*(നീതിയുടെ കിരീടം, ശോഭയുള്ള കിരീടം, വാടാത്ത കിരീടം)*
7) ദൈവസഭയുടെ അടിസ്ഥാന ഉപദേശങ്ങളിൽ ശരിയായ ക്രമപ്രകാരം ആദ്യത്തെ ഉപദേശം ഏതാണ്?
*(മാനസാന്തരം, സ്നാനം, വേർപാട്)*

**II പേരെഴുതുക** (8-12) **(5×1=5)**

8)യേശുവിനെ ക്രൂശിച്ചു കൊല്ലുവാൻ വിധിച്ച റോമൻ ഗവർണർ ആരായിരുന്നു?
9)യേശു തന്റെ ശിഷ്യന്മാരെ പഠിപ്പിച്ച പ്രാർത്ഥനയിലെ പ്രധാന വിഷയം എന്താണ്?
10)ദൈവം ആരെയാണ് വിശുദ്ധരായി കാണുന്നത്?
11)യേശുക്രിസ്തു മനുഷ്യനുവേണ്ടി ചെയ്ത നിസ്തുല്യ പ്രവൃത്തി എന്താണ്?
12)ക്രിസ്തുവിന്റെ ക്രൂശിലെ മൊഴികളിൽ ആറാമത്തെ മൊഴി എന്താണ്?

**III പൂരിപ്പിക്കുക** (13-17) **(5×1= 5)**

13)പരിശുദ്ധാത്മാവിന്റെ സഭയിലുള്ള ജന്മദിവസമായിരുന്നു .........................
14)യിശ്ശായിയുടെ കുറ്റിയിൽ നിന്ന് പൊട്ടി കിളിർക്കുന്ന മുളയാണ് ............
15)പരിശുദ്ധാത്മാവിനെ പിതാവിന്റെ അടുക്കൽ നിന്നു പുറപ്പെടുന്ന ................ എന്നു പറഞ്ഞിരിക്കുന്നു
16)പാപം ഭൂമിയെ ശൂന്യമാക്കുന്നതുവരെ ഭൂമി ................ന്റെ രാജ്യമായിരുന്നു
17)മനുഷ്യനിലെ രോഗത്തിന്റെ പ്രധാന ഉറവിടം .................... ആകുന്നു

**IV അർത്ഥം എഴുതുക** (18-21) **(4×1=4)**

18. കുറിയാക്കെ 19) പാരക്ലിറ്റോസ്
20. തെയോസ് 21. കർത്താവ്

**V കാരണം എഴുതുക** (22-23) **(2× 2=4)**

22) നരകത്തിൽ പോകുന്നത് ദൈവം തടയുന്നില്ല
23) നാം പിതാവിനോട് യേശുക്രിസ്തുവിന്റെ നാമത്തിൽ പ്രാർത്ഥിക്കുന്നു

**VI രണ്ടോ മൂന്നോ വാക്യങ്ങളിൽ ഉത്തരമെഴുതുക** (24-30) **(7×2=14)**

24) മനുഷ്യനിൽ കാണുന്ന ത്രിത്വ പ്രതിഭാസങ്ങൾ എന്തെല്ലാം?
25) ഒരു ദൈവം എന്തിനു മൂന്നു ആളത്വങ്ങൾ ആയും മൂന്ന് ആളത്വങ്ങൾ എന്തിന് ഒരു ദൈവമായും നിലകൊള്ളുന്നു?
26) പരിശുദ്ധാത്മാവിനെ സത്യത്തിന്റെ ആത്മാവ് എന്ന് എന്തുകൊണ്ട് വിളിക്കുന്നു?
27) പരിശുദ്ധാത്മ സ്നാനത്തിന്റെ പ്രത്യക്ഷ അടയാളം അന്യഭാഷാഭാഷണമാണെന്ന് തെളിയിക്കുക?
28) ആത്മാവിന്റെ ഫലങ്ങൾ ഏതെല്ലാം?
29) ആത്മവിശ്വാസം വളർത്താൻ ഉപകരിക്കുന്ന ഏതെങ്കിലും 4 സൂചനകൾ എഴുതുക
30) ജനത്തെ വിട്ടയക്കാതിരിക്കാൻ ഫറവോൻ പ്രയോഗിച്ച തന്ത്രങ്ങൾ ഏതെല്ലാം?

**VII സന്ദർഭം കുറിച്ച് ആശയം വിശദമാക്കുക** (31-32) **(2×4=8)**

31) കൈസര്യയിൽ കൊർന്നല്യോസിന്റെ വീട്ടിൽ കൂടിയിരുന്നു വചനം കേട്ടവരുടെ മേൽ ആത്മാവ് ഇറങ്ങിവന്ന് അവർ അന്യഭാഷകളിൽ സംസാരിച്ചു
32) 'വിശുദ്ധിയിൽ മഹിമയുള്ളവനേ, അത്ഭുതങ്ങൾ പ്രവർത്തിക്കുന്നവനേ നിനക്കു തുല്യൻ ആർ?'

**VIII ഓരോ ഖണ്ഡികയിൽ ഉത്തരമെഴുതുക**(ഏതെങ്കിലും 4 എണ്ണം) (33-37) **(4×4=16)**

33) അനുവദനീയ ദൈവഹിതം
34) പ്രാപഞ്ചിക വാദം
35) പ്രകൃതിയിൽ കാണുന്ന ത്രിത്വ പ്രതിഭാസങ്ങൾ
36) അപ്പൊസ്തലന്മാരും രോഗശാന്തിയും
37) ആൽക്കഹോൾ ഉപയോഗവും അതിന്റെ ദോഷങ്ങളും

**IX** 38. അന്യഭാഷയിൽ സംസാരിക്കുന്നതുകൊണ്ടുള്ള പ്രയോജനങ്ങൾ എഴുതുക **(1×7=7)**

**X ഉപന്യസിക്കുക** (ഏതെങ്കിലും ഒരെണ്ണം) **(1×15=15)**

39. a) ദൈവാസ്തിത്വത്തിന്റെ ആന്തരിക തെളിവുകൾ **OR**
b) വ്യക്തികളിൽ പരിശുദ്ധാത്മാവ് നടത്തുന്ന പ്രവർത്തനങ്ങൾ

**XI വാക്യം എഴുതുക** (40-44) **(5×3=15)**

40) റോമർ 12:1 41) യെശയ്യാവ് 9:6-7
42) 2 കൊരി. 13:14 43) പുറപ്പാട് 15:26

## CHURCH OF GOD IN INDIA, KERALA STATE
## SUNDAY SCHOOL ANNUAL EXAMINATION, 2021

**ക്ലാസ്സ് 11**

Time 2 hrs.
Marks 100

**I ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക** (1–7) **(7× 1=7)**

1. യിസ്രായേൽജനതയുടെ കാവൽക്കാരനായി അറിയപ്പെടുന്ന ദൂതൻ ആര്? *(ഗബ്രിയേൽ, മീഖായേൽ, സാറാഫുകൾ)*
2. സാത്താന്റെ ആദ്യത്തെ പേര് എന്താണ്? *(ലോകത്തിന്റെപ്രഭു, ലൂസിഫർ, നാശയോഗ്യൻ)*
3. പ്രാചീന ഹോളിവുഡ് എന്ന് അറിയപ്പെടുന്ന പട്ടണം ഏത്? *(പലസ്തീൻ, ബാബിലോൺ, ജെറുശലേം)*
4. ദാനിയേൽപ്രവചനം മൂന്നാം അധ്യായം എഴുതിയിരിക്കുന്നത് ഏത് ഭാഷയിലാണ്? *(ഗ്രീക്ക്, ഹീബ്രു, അരാമ്യ)*
5. യേശുവിന്റെ കാലത്തിനുശേഷം യെരുശലേംനഗരം നശിപ്പിച്ച റോമൻ രാജാവ് ആര്? *(ഫിലിപ്പ്, തീത്തൂസ്, കൈസർ)*
6. അർത്തമീസ്ദേവിയുടെ ക്ഷേത്രം സ്ഥിതിചെയ്യുന്ന പട്ടണം ഏത്? *(എഫെസോസ്, സ്മുർന്ന, പെർഗ്ഗമോസ്)*
7. ഉടുപ്പ് മലിനമാകാത്ത കുറെപേർ അവിടെ ഉണ്ടായിരുന്നു എവിടെ? *(ഫിലദെൽഫിയ, സ്മുർന്ന, സർദ്ദീസ്)*

**II പേര് എഴുതുക** (8–12) **(5× 1=5)**

8. വെളിപാട് പുസ്തകത്തിന്റെ ഗ്രീക്ക് പദമേത്?
9. മഹത്വവും തേജസ്സും അണിഞ്ഞ ന്യായാധിപതി ആര്?
10. ആറാമത്തെ ക്രോധകലശം ഏത് നദിയിലാണ് ഒഴിച്ചത്?
11. എത്രാമത്തെ ദൂതൻ കാഹളമൂതിയപ്പോഴാണ് രക്തംകലർന്ന കൽമഴയും തീയും ഭൂമിയിൽ ചൊരിഞ്ഞത്?
12 ഉദയനക്ഷത്രം ആരാകുന്നു?

**III പൂരിപ്പിക്കുക** (13–17) **(5× 1=5)**

13. സീയോൻമലയിൽ നിൽക്കുന്നവരുടെ നെറ്റിയിൽ ........................................ നാമം ആണ് എഴുതിയിരിക്കുന്നത്.
14. ദാനിയേൽ.......................................... ആയിരുന്നതുകൊണ്ട് മറ്റ് എല്ലാവരിലും വിശിഷ്ടനായി വിളങ്ങി.
15 ............. .................. മുദ്രപൊട്ടിച്ചപ്പോൾ മഞ്ഞ കുതിര പ്രത്യക്ഷമായി.
16 മഹോപദ്രവകാലത്ത് നടക്കുന്ന പീഡകളെ ............................... കഷ്ടകാലം എന്നാണ് അറിയപ്പെടുന്നത്
17. ..................... 7 തലയും 10 കൊമ്പും തലയിൽ 7 രാജമുടിയും ആയിട്ട് കാണപ്പെടുന്നത്

**IV അർത്ഥം എഴുതുക** (18–20) **(3× 1=3)**

18. ബാബേൽ  19. ഷാബു  20. ലൂസി

**V കാരണം എഴുതുക** (21–22) **(2× 2=4)**

21. യഹൂദയെ നെബുഖദ്നേസർ പിടിച്ചടക്കാനുള്ള കാരണമെന്ത്?
22. ദൈവം യിസ്രായേലിനു ചുറ്റുമുള്ള രാജ്യങ്ങളെ ലോകരാഷ്ട്രങ്ങളായി എന്തുകൊണ്ട് തെരഞ്ഞെടുത്തു?

**VI രണ്ടോ മൂന്നോ വാക്യങ്ങളിൽ ഉത്തരമെഴുതുക** (23–29) **(7× 2=14)**

23. സാത്താന്യത്രിത്വം എന്നാൽ എന്ത്?
24. തുയഥൈരാ സഭാകാലത്ത് ജയിക്കുന്നവർക്ക് ലഭിക്കുന്ന രണ്ട് വാഗ്ദാനങ്ങൾ എന്തെല്ലാം?
25. വീണ്ടെടുപ്പിന്റെ ഗാനം എന്താണ്?
26. നാലാം മുദ്ര പൊട്ടിച്ചപ്പോൾ സംഭവിച്ചത് എന്ത്?
27. കടലിൽനിന്നും കരയിൽനിന്നും കയറിവരുന്ന മൃഗങ്ങൾ എന്തിനെ പ്രതിനിധീകരിക്കുന്നു?
28. സ്വർഗ്ഗീയസൈന്യവുമായി ഏറ്റുമുട്ടുന്ന എതിർക്രിസ്തുവിനെ കർത്താവ് എങ്ങനെ നശിപ്പിക്കും?
29. രണ്ടാമത്തെ ആട്ടുകൊറ്റന്റെ നാലു കൊമ്പുകൾ ആരെല്ലാം?

**VII സന്ദർഭം കുറിച്ച് ആശയം വിശദമാക്കുക** (30–32) **(3× 4=12)**

30. 'തന്നെ അതുവരെയും നടത്തിയ ദൂതൻ അവരെ അനുഗ്രഹിക്കട്ടെ എന്ന് പറഞ്ഞിരിക്കുന്നു'
31. 'വീണുപോയി, മഹതിയാംബാബിലോൺ വീണുപോയി'
32. 'ഇല്ലെങ്കിലും ഞങ്ങൾ രാജാവ് നിർത്തിയ ദേവൻമാരെ സേവിക്കുകയില്ല'

**VIII ഓരോ ഖണ്ഡികയിൽ ഉത്തരമെഴുതുക** (ഏതെങ്കിലും 4 എണ്ണം) **(4× 5=20)**

33. യേശുക്രിസ്തു സാക്ഷാൽ പുരോഹിതൻ
34. ലവോദിക്യസഭയുടെ ചരിത്ര പശ്ചാത്തലം
35. 24 മൂപ്പന്മാർ
36. ദൂതന്മാരുടെ സ്വഭാവമേന്മകൾ
37. അഞ്ചാമത്തെ കാഹളം

**IX ഉപന്യസിക്കുക** (ഏതെങ്കിലും ഒന്ന്) **(1× 15=15)**

38. a) ദാനിയേലിന്റെ പ്രാർത്ഥനയുടെസവിശേഷതകൾ **OR**
b) നെബുഖദ്നേസർരാജാവ് കണ്ട ബിംബത്തിന്റെ വ്യാഖ്യാനം എഴുതുക

**X വാക്യം എഴുതുക** (39–43) **(5× 3=15)**

39. 1 പത്രോസ് 5:8,  40. ദാനി. 7:18,  41. വെളി. 14:13,
42. എബ്രായർ 11:33,34,  43. ദാനി. 9:24.

## CHURCH OF GOD IN INDIA, KERALA STATE
## SUNDAY SCHOOL ANNUAL EXAMINATION, 2021

**ക്ലാസ്സ് 12**

Time 2 hrs.
Marks 100

**I താഴെക്കൊടുത്തിട്ടുള്ള ഏതെങ്കിലും നാലു വിഷയങ്ങൾക്ക് ഒരു ഖണ്ഡികയിൽ ഉത്തരം എഴുതുക**

(4x5=20)

1. ജോൺ വിക്ലിഫ്
2. സാത്താൻ ആരാധന
3. ന്യൂനപക്ഷ അവകാശങ്ങൾ
4. മതപരിവർത്തന വിളമ്പരം
5. പണത്തിന്റെ പക്വതയോടുള്ള ഉപയോഗം
6. സമയം തക്കത്തിൽ ഉപയോഗിക്കുക

**II ഏതെങ്കിലും നാലു ചോദ്യങ്ങൾക്ക് രണ്ടു പേജിൽ കവിയാതെ ഉത്തരമെഴുതുക** (4x20=80)

1. പ്രധാനപ്പെട്ട തീരുമാനങ്ങൾ എടുക്കുന്നതിനു മുമ്പ് നാം ചെയ്യേണ്ട ആറുകാര്യങ്ങൾ ഏതെല്ലാം? വിശദീകരിക്കുക
2. കുടുംബ ജീവിതത്തിൽ സന്തോഷത്തിന്റെ രഹസ്യങ്ങൾ എന്തെല്ലാം?
3. പരിസ്ഥിതി സംരക്ഷണത്തിൽ ദൈവ പൈതലിന്റെ ഉത്തരവാധിത്വങ്ങൾ വിശദമാക്കുക
4. മതംമാറ്റ വിവാഹങ്ങൾ വരുത്തുന്ന വെല്ലുവിളികളെക്കുറിച്ച് എഴുതുക
5. ക്രിസ്തീയ സഭയുടെ ഉത്ഭവവും വളർച്ചയും വിശദീകരിക്കുക
6. നവീകരണ ക്രൈസ്തവ സഭ കേരളത്തിൽ, ഉപന്യസിക്കുക


CHURCH OF GOD IN INDIA, KERALA STATE
SUNDAY SCHOOL ANNUAL EXAMINATION, 2021

ക്ലാസ്സ് 12

Time 2 hrs.
Marks 100

I താഴെക്കൊടുത്തിട്ടുള്ള ഏതെങ്കിലും നാലു വിഷയങ്ങൾക്ക് ഒരു ഖണ്ഡികയിൽ ഉത്തരം എഴുതുക

(4x5=20)

1. ജോൺ വിക്ലിഫ്
2. സാത്താൻ ആരാധന
3. ന്യൂനപക്ഷ അവകാശങ്ങൾ
4. മതപരിവർത്തന വിളമ്പരം
5. പണത്തിന്റെ പക്വതയോടുള്ള ഉപയോഗം
6. സമയം തക്കത്തിൽ ഉപയോഗിക്കുക

II ഏതെങ്കിലും നാലു ചോദ്യങ്ങൾക്ക് രണ്ടു പേജിൽ കവിയാതെ ഉത്തരമെഴുതുക (4x20=80)

1. പ്രധാനപ്പെട്ട തീരുമാനങ്ങൾ എടുക്കുന്നതിനു മുമ്പ് നാം ചെയ്യേണ്ട ആറുകാര്യങ്ങൾ ഏതെല്ലാം? വിശദീകരിക്കുക
2. കുടുംബ ജീവിതത്തിൽ സന്തോഷത്തിന്റെ രഹസ്യങ്ങൾ എന്തെല്ലാം?
3. പരിസ്ഥിതി സംരക്ഷണത്തിൽ ദൈവ പൈതലിന്റെ ഉത്തരവാധിത്വങ്ങൾ വിശദമാക്കുക
4. മതംമാറ്റ വിവാഹങ്ങൾ വരുത്തുന്ന വെല്ലുവിളികളെക്കുറിച്ച് എഴുതുക
5. ക്രിസ്തീയ സഭയുടെ ഉത്ഭവവും വളർച്ചയും വിശദീകരിക്കുക
6. നവീകരണ ക്രൈസ്തവ സഭ കേരളത്തിൽ, ഉപന്യസിക്കുക